# ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ജില്ലാ അസ്സോസിയേഷൻ

ഡിസ്ട്രിക്ട്സ് ഹെഡ് ക്വാട്ടേഴ്സ്, പാലസ് റോഡ്, തൃശൂർ – 680 020


## ജൈവപന്തൽ ജൈവവേലി നിർമ്മാണ മത്സരം – 2016

ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് ജില്ലാ അസ്സോസിയേഷന്റെ നേതൃത്വത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജൈവപന്തൽ, ജൈവവേലി നിർമ്മാണ മത്സരം നടത്തുന്നു. ജൂലൈമാസത്തിൽ തുടങ്ങി 4 മാസത്തിനകം പന്തൽ രൂപീകൃതമാകുകയാണ് വേണ്ടത്. ഈ കാലയളവിൽ യൂണിറ്റ് സന്ദർശിച്ച് മൂല്യനിർണ്ണയം നടത്തുന്നു. സ്കൂൾ കോമ്പൗണ്ടിലേയ്ക്കുള്ള പ്രവേശനകവാടത്തിലോ, ഓഫീസ് റൂമിന് സമീപത്തോ, ഉചിതമായ സ്ഥലത്തോ, പന്തലൊരുക്കാം. വിദ്യാർത്ഥികൾ, സ്റ്റാഫ്, എച്ച്.എം., പി.ടി.എ., എം.പി.ടി.എ. എന്നിവരുടെ സഹകരണത്തോടെ വേണം പദ്ധതി നടപ്പിലാക്കേണ്ടത്.

രാസവളങ്ങളോ കീടനാശിനികളോ ഇല്ലാത്ത കൃഷിരീതി ബോധ്യപ്പെടുത്തുക, സ്കൂൾ മുറ്റത്ത് തണലും പച്ചപ്പും നിലനിർത്തുക, അദ്ധ്വാനശീലം ചെറുപ്പത്തിലെ വളർത്തിയെടുക്കുക, സകൗട്ടിംഗിൽ പഠിച്ച കെട്ടുകൾ പ്രയോഗത്തിൽ കൊണ്ടുവരിക, തദ്വാര പച്ചക്കറികളും ആയുർവേദ ഔഷധവും ഉല്പാദിപ്പിക്കുന്നതിനും സർവ്വോപരി പ്രകൃതിയുമായി ഇണങ്ങി ജീവിക്കാൻ ഭാവിതലമുറയ്ക്ക് അവസരം ഒരുക്കുകയുമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

**നിബന്ധനകൾ**

1. ജൈവപന്തലിന് 8 അടിയിൽ കുറയാത്ത ഉയരവും 20 അടി നീളവും 10 അടി വീതിയുമാകാം.
2. പച്ചക്കറി – ഔഷധവള്ളിച്ചെടികൾ നട്ടുപിടിപ്പിക്കാവുന്നതാണ്.
3. കമ്പിയോ കയറോ കൊണ്ട് പന്തൽ സൃഷ്ടിക്കേണ്ടതും പിന്നീട് ചെടികൾ അതിലേക്ക് പടർത്തുകയുമാകാം.
4. 20 അടി നീളവും 4 അടി ഉയരവും വരാവുന്ന വിധത്തിൽ കവുങ്ങ്/മുള – കുറ്റികൾ ഉപയോഗിച്ച് ജൈവവേലി നിർമ്മിക്കാവുന്നതാണ്.
5. വിത്തോ-ചെടിയോ നട്ട് ഉദ്ഘാടനം ചെയ്യുന്ന ഫോട്ടോയും എച്ച്.എം ന്റെ ലെറ്ററും സഹിതം ആഗസ്റ്റ് 5 ന് മുമ്പ് ഡി.എച്ച്.ക്യൂവിൽ എത്തിയാൽ അത് രജിസ്ട്രേഷനായി പരിഗണിക്കുന്നതാണ്.
6. പരിസ്ഥിതി പ്രവർത്തനത്തിന്റെ ഭാഗമായി സ്കൗട്ട്സ്/ഗൈഡ്സ് നട്ടുപിടിപ്പിച്ച മരങ്ങളും ചെടികളും മൂല്യനിർണ്ണയത്തിൽ പരിഗണിക്കുന്നതാണ്.
7. യു.പി, എച്ച്.എസ് തലങ്ങളിൽ മികച്ച പന്തലും വേലിയും കണ്ടെത്തി ഒന്നും രണ്ടും മൂന്നും സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും നൽകുന്നതാണ്.

ഈ സംരംഭത്തിന്റെ വിജയത്തിനായി എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിച്ചു കൊള്ളുന്നു.

എന്ന്

തൃശൂർ

12.07.2016

ജിഷോ.എസ്.പുത്തൂർ (സെക്രട്ടറി)

ജെയിംസ് ചിറ്റിലപ്പിള്ളി (കൺവീനർ) 9495025818

To schools
for Circular
14/7/16

Scanned by CamScanner